**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1730** **29-09-2025 - ൽ മറുപടിയ്ക്ക്**

**കൂടുതൽ നാളികേര സംഭരണ കേന്ദ്രങ്ങൾ തുടങ്ങാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വേണ്ടത്ര നാളികേര സംഭരണ കേന്ദ്രങ്ങൾ ഇല്ലാത്തതു കാരണം നാളികേര കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നാളികേര സംഭരണ കേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ നാളികേര കർഷകർ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. നടപ്പ സാമ്പത്തിക വർഷം 2025-26, കേരളത്തിൽ നാളികേരത്തിന് സാമാന്യം മെച്ചപ്പെട്ട വില ലഭിക്കുന്നതിനാൽ പ്രൈസ് സപ്പോർട്ട് സ്കീം പ്രകാരം നാളികേര സംഭരണം തുടങ്ങേണ്ട സാഹചര്യം നിലനിൽക്കുന്നില്ല. |
| (ബി) | കൂടുതൽ നാളികേര സംഭരണ കേന്ദ്രങ്ങൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | നാളികേരത്തിന്റെ നിലവിലെ ഉയർന്ന വില സംഭരണ വിലയേക്കാൾ താഴുകയും, കർഷകർക്ക് നിലവിലെ സംഭരണ കേന്ദ്രങ്ങൾ അപര്യാപ്തമാണെന്ന് കാണുകയും ചെയ്താൽ അധിക സംഭരണ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>പുതുതായി നാളികേര സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു താല്പര്യമുള്ള സംഘങ്ങൾ/ കാർഷിക സംഘടനകൾ / കൃഷി കൂട്ടങ്ങൾ തുടങ്ങിയവ അതാത് ജില്ലാ മോണിറ്ററിങ് സമിതി മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും ജില്ലാ മോണിറ്ററിങ് സമിതി ശുപാർശ പ്രകാരം പ്രൊപ്പോസൽ കൃഷി ഡയറക്ടർക്കു ലഭ്യമാകുന്ന മുറയ്ക്കുമാണ് പുതിയ സംഭരണ കേന്ദ്രങ്ങൾക്ക് അനുമതി നൽകുന്നത്. കേരഫെഡിന്റെ നേതൃത്വത്തിൽ വിപണി വിലയ്ക്ക് നാളികേരം സംഭരിക്കുന്നതിന് കണ്ണൂർജില്ലയിൽ ചെറുപുഴ ഗ്രാമപഞ്ചായത്തിലും, കാസർഗോഡ് ജില്ലയിൽ നീലേശ്വരം മുനിസിപ്പാലിറ്റി പ്രദേശത്തും രണ്ട് സംഭരണകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | വെളിച്ചെണ്ണയ്ക്ക് വില വർദ്ധനവ് ഉണ്ടാകുമ്പോൾ അതിന്റെ ഗുണം കർഷകർക്ക് ലഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സാമ്പത്തികസ്ഥിതി വിവരക്കണക്ക് പ്രസിദ്ധീകരിക്കുന്ന ഫാം ഹോൾസെയിൽ പ്രൈസ് പ്രകാരം വെളിച്ചെണ്ണയുടെ വില 2024 വർഷത്തിൽ ക്വിന്റലിന് ശരാശരി 16468/- രൂപയും 2025 നാളിതു |

| | | | |
|---|---|---|---|
| | | | വരെ ക്വിന്റലിന് ശരാശരി 29974/- രൂപയും കൃഷിയിടത്തിൽ നിന്നുള്ള പൊതിച്ച തേങ്ങയുടെ വില 2024 വർഷത്തിൽ ക്വിന്റലിന് ശരാശരി 3102/- രൂപയും 2025 നാളിതുവരെ ക്വിന്റലിന് ശരാശരി 6484/- രൂപയും ആണ്. വെളിച്ചെണ്ണയുടെ വില കൂടുന്നതനുസരിച്ച് തേങ്ങയുടെ വില കൂടിയിട്ടുള്ളതായി കണക്കുകളിൽ നിന്ന് വ്യക്തമാണ്. വെളിച്ചെണ്ണയുടെ വില വർധിക്കുന്നത് അനുസരിച്ച് നാളികേരത്തിന്റെയും വിലവർദ്ധിക്കുന്നതായും നാളികേര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതായും മേൽ വിവരങ്ങൾ സൂചിപ്പിക്കുന്നു.<br><br>**കേരഫെഡിന്റെ പ്രവർത്തനങ്ങൾ സുഗമമായി മുമ്പോട്ടു കൊണ്ടു പോകുന്നതിന്റെ ഭാഗമായി, നിലവിൽ വിപണിവിലയിൽ നിന്നും കിലോയ്ക്ക് 2/- രൂപ അധികം നൽകി കേരഫെഡ് പച്ചത്തേങ്ങ സംഭരിച്ചു വരുന്നുണ്ട്. ഇപ്രകാരം, കേരാഫെഡ് നാളികേരം സംഭരിക്കുന്ന പ്രദേശങ്ങളിൽ കർഷകർക്ക് നാളികേരത്തിന് കൂടുതൽ വില ലഭിക്കുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ